53 (629) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് ബ്ളാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള സംഘടനകൾ

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതും കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിൽനിന്നും ഗ്രാന്റ് വാങ്ങുന്നതുമായ ഏതെങ്കിലും സംഘടനയെ കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് ബ്ളാക്ക് ലിസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് അറിയിക്കുമോ;

(സി) കേന്ദ്ര ബോർഡ് ബ്ളാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഘടനക്ക് സംസ്ഥാന സാമൂഹ്യക്ഷേമബോർഡിൽനിന്ന് എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ:

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാന്റ് വാങ്ങിയിട്ടു നിയമാനുസൃതം പണം ചെലവാക്കാതിരിക്കുക, കൃത്യസമയത്ത് ആഡിറ്റു ചെയ്തു കണക്കുകൾ ഓഫീസിൽ എത്തിക്കാതിരിക്കുക, ഡയറി ലോൺ തുക തിരിച്ചടക്കാതിരിക്കുക, പ്രൊഡക്ഷൻ യൂണിറ്റിനുവേണ്ടി വാങ്ങുന്ന തുക യൂണിറ്റു തുടങ്ങുന്നതിനുപയോഗിക്കാതിരിക്കുകയോ തിരിമറി നടത്തുകയോ ചെയ്യുക തുടങ്ങിയ നിരവധി കാരണങ്ങളാലാണ് സംഘടനകളെ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തുന്നത്.

(സി) ബ്ളാക്ക് ലിസ്റ്റു ചെയ്യപ്പെട്ട സംഘടനകൾക്ക് സംസ്ഥാന ബോർഡിൽനിന്നും ധനസഹായം നൽകിയിട്ടില്ല. ബ്ളാക്ക് ലിസ്റ്റിൽ നിന്നും മാറ്റിയതായുള്ള അറിയിപ്പു കിട്ടിയതിനുശേഷം മാത്രമേ ഈ ലിസ്റ്റിലുള്ള ഏതെങ്കിലും സംഘടനക്ക് വീണ്ടും സഹായം നൽകുകയുള്ളൂ.

54 (630) വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്കുള്ള ആനുകൂല്യം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ എത്ര വൃദ്ധസദനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(സി) സംസ്ഥാനത്ത് കൂടുതൽ വൃദ്ധസദനങ്ങൾ ആരംഭിക്കുവാനും വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് മുതിർന്ന പൗരൻമാരെന്ന പരിഗണന നൽകി കൂടുതൽ ആനുകൂല്യങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13 വൃദ്ധസദനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly